# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6130      04.07.2019 -ൽ മറുപടിയ്ക്ക്

## താലൂക്കുകളും വില്ലേജുകളും വിഭജിക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>,, ടി. വി. ഇബ്രാഹിം<br>,, എൻ. ഷംസുദ്ദീൻ<br>,, ടി.എ.അഹമ്മദ് കബീർ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് താലൂക്കുകളും വില്ലേജുകളും വിഭജിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; | (എ) ഇല്ല |
| (ബി) ജനസംഖ്യാനുപാതികമായി ഓരോ ജില്ലയിലും ആവശ്യമായിട്ടുള്ള വില്ലേജുകളുടെയും താലൂക്കുകളുടെയും എണ്ണമെത്രയാണ്; ഇത് സംബന്ധിച്ച കണക്കെടുപ്പുകൾ നടത്തിയിട്ടുണ്ടോ;<br><br>(സി) ഉണ്ടെങ്കിൽ മലപ്പുറം ജില്ലയിൽ മാത്രം എത്ര വില്ലേജുകൾ അധികമായി വേണ്ടി വരും; അറിയിക്കുമോ; | (ബി) & (സി) ജനസംഖ്യാനുപാതികമായിട്ട മാത്രമല്ല, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന പഞ്ചായത്ത് ത്രീ ടയർ സിസ്റ്റം, വികസന സാദ്ധ്യത, ജനങ്ങളുടെ യാത്രാ സൗകര്യം, ഭൂപ്രകൃതിയനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യം എന്നിവയും കൂടി പരിഗണിച്ചാണ് വില്ലേജുകളും താലൂക്കുകളും രൂപീകരിക്കുന്നത്. |
| (ഡി) മലപ്പുറം ജില്ലയിൽ വിഭജിക്കുവാൻ ഉദ്ദേശിക്കുന്ന വില്ലേജുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ഡി) മലപ്പുറം ജില്ലയിൽ വിഭജിക്കുവാൻ ഉദ്ദേശിക്കുന്ന വില്ലേജുകളുടെ പട്ടിക തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ